# കേരളസർവകലാശാല

നം.പി.ആർ.173/2023 തിരുവനന്തപുരം, തീയതി: 23/08/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2023 ജനറൽ/എസ്.സി/എസ്.ടി/ഭിന്നശേഷിവിഭാഗക്കാർ/കെ.യു.സി.ടി.ഇ. മാനേജ്മെന്റ് ക്വാട്ട മറ്റ് സംവരണ വിഭാഗങ്ങൾ – സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ./കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും, കെ.യു.സി.ടി.ഇ. മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, തമിഴ്, അറബിക് വിഷയങ്ങളിലേക്ക് 2023 ആഗസ്റ്റ് 24 ന് നടത്താനിരുന്ന സ്പോട്ട് അലോട്ട്മെന്റ് താഴെപ്പറയും പ്രകാരം പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റു ഷെഡ്യൂളുകൾക്ക് മാറ്റമില്ല.

| തീയതി | വിഷയം | സ്ഥലം |
|---|---|---|
| **02.09.2023<br>Reporting Time :<br>08.00 am to 10.00 am** | **Physical Science, Natural Science, Tamil, Arabic** | കേരള യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം |
| **25.08.2023<br>Reporting Time :<br>08.00 am to 10.00 am** | **Social Science, Geography, Malayalam, Commerce** | കേരള യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്, കാര്യവട്ടം |

## റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2023-24 വർഷത്തെ രണ്ടാംഘട്ട പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കൗൺസിലിംഗ് കാര്യവട്ടം IMK യിൽ വച്ച് 2023 ആഗസ്റ്റ് 25 ന് നടത്തുന്നു. വിശദവിവരങ്ങൾക്ക് www.admissions.keralauniversity.ac.in സന്ദർശിക്കുക.

## സീറ്റൊഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.ലിബ്.ഐ.എസ്.സി, എൽ.എൽ.എം, ജിയോളജി എന്നീ പ്രോഗ്രാമുകൾക്ക് 2023-2025 ബാച്ച് അഡ്മിഷന് എസ്.സി. വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2023 ആഗസ്റ്റ് 24 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി ഇപ്രൂവ്മെന്റ് (യു.സി.ഇ.കെ – 2018 സ്കീം) എക്സാമിനേഷൻ, ജനുവരി 2023, രണ്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ (യു.സി.ഇ.കെ – 2020 സ്കീം) മെയ് 2022 എന്നീ പരീക്ഷകളുടെ ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 ആഗസ്റ്റ് 24 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ.VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |